**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3846

31.01.2014-ലെ മറുപടിയ്ക്ക്

## ഓഡിറ്റ് കടിശ്ശിക തീർപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) 2013-ലെ സഹകരണ ഭേദഗതി നിയമമനുസരിച്ച് വകുപ്പിലെ ഓഡിറ്റ് കടിശ്ശിക തീർപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സഹകരണ ഭേദഗതി നിയമത്തിന് അനുസൃതമായി സംസ്ഥാനത്തെ മുഴുവൻ സഹകരണ സംഘങ്ങളുടെയും ആഡിറ്റ് കടിശ്ശിക തീർപ്പാക്കുന്നതിനു തീരുമാനിക്കുകയും, 1.4.2013 മുതൽ 31.12.2013 വരെ നടപ്പാക്കിയ ഓഡിറ്റ് കടിശ്ശിക നിവാരണ തീവ്രയത്ന പരിപാടി അനുസരിച്ച്, 1.4.2013 ലെ കണക്കുകൾ പ്രകാരം ആകെ ഉണ്ടായിരുന്ന 40286 ആഡിറ്റ് കടിശ്ശികകളിൽ 34461 ആഡിറ്റുകൾ പൂർത്തീകരിക്കുകയും ചെയ്തു. 4353 ആഡിറ്റുകൾ രേഖകൾ ലഭ്യമല്ലാത്തതിനാൽ ഒഴിവാക്കി. രേഖകൾ തയ്യാറാക്കിയിട്ടില്ലാത്ത 339 സംഘങ്ങളുടെ 1105 ആഡിറ്റ് മാത്രമേ ബാക്കിയുള്ളൂ. ഇത് കഴിച്ചാൽ കടിശ്ശിക ആഡിറ്റ് 100% പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനാവശ്യമായ ഓഡിറ്റർമാർ വകുപ്പിൽ ജോലി ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. ഈ പ്രവർത്തനങ്ങൾക്കായി 437 യൂണിറ്റ് ആഡിറ്റർമാരും 1301 സമകാല ആഡിറ്റർമാരുമാണ് ലഭ്യമായിരുന്നത്. അതിനാൽ കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾക്കായി ആഡിറ്റർമാർക്ക് അധിക ജോലി നൽകുകയും, ജനറൽ വിഭാഗത്തിൽ നിന്നുള്ള 226 ഇൻസ്പെക്ടർമാരുടെയും, റിട്ടയർ ചെയ്ത 174 ആഡിറ്റർമാരുടെയും സേവനം പ്രയോജനപ്പെടുത്തിയിട്ടുമുണ്ട്. |
| (സി) | ഓഡിറ്റ് കുടിശ്ശിക തീർപ്പാക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ: | (സി) | ഉണ്ട്. |
| (ഡി) | ഓഡിറ്റ് കുടിശ്ശിക തീർപ്പാക്കുന്നതിനായി സർക്കാർ ഓഡിറ്റർമാരുടെ പാനലിൽ നിന്നും ഓഡിറ്റർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സഹകരണ നിയമ ഭേദഗതിയ്ക്ക് അനുസൃതമായ ചട്ടങ്ങൾ നിലവിൽ വരുന്ന മുറയ്ക്ക് അതുപ്രകാരം ഓഡിറ്റർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ